**ആരോഗ്യവകുപ്പ് ഡയറക്ടറുടെകാര്യാലയം**

വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം പിൻ– 695035

ഫോൺ: 0471 2302490 ഫാക്സ്: 0471 2303025 / 2303080

ഇമെയിൽ: dhskerala.hlth@kerala.gov.in വെബ്സൈറ്റ്: www.dhs.kerala.gov.in

---

**ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**തിരുവനന്തപുരം**

വിഷയം:- ആരോഗ്യവകുപ്പ് - ഡോ മേരി കാതലീൻ മാത്യു (Dr Mary Kathleen Mathew PEN 712736) , ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. എ1-7956/2016/ജിമെആ കാസർഗോഡ് തീയതി 04.11.2016
2. GE4/C/M 2650/11215 തീയതി 09.01.2017
3. കാരണം കാണിക്കൽ നോട്ടീസ് നം ഇഎ4- 87539/2016/ആവഡ തീയതി 07.02.2017
4. ഡോ മേരി കാതലീൻ മാത്യു സമർപ്പിച്ച അപേക്ഷ തീയതി 01.03.2017
5. ഇഎ4- 87539/2016/ആവഡ തീയതി 20.06.2017
6. ഡോ മേരി കാതലീൻ മാത്യു സമർപ്പിച്ച അപേക്ഷ തീയതി 16.07.2019
7. ഇഎ4- 87539/2016/ആവഡ തീയതി 20.08.2019
8. എ2/438/2019/ആകുവ തീയതി 12.11.2019

**ഉത്തരവ് നം. DHS/13785/2025-EA4 തീയതി. 26-03-2026**

ഡോ മേരി കാതലീൻ മാത്യു (Dr Mary Kathleen Mathew PEN 712736) 24.08.2013 ന് ആരോഗ്യ വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചു. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) തസ്തികയിൽ ജോലി ചെയ്തു വരവെ 07.06.2016 തീയതി മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിന്നതായി ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമായി

കണക്കാക്കുന്നതിന് കഴിയാത്തതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പാർട്ട് II റൂൾ 19(a) (ii) പ്രകാരം പ്രൊബേഷൻ അവസാനിപ്പിച്ച് സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി താത്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. പരാമർശം (4) പ്രകാരം ഡോ മേരി കാതലീൻ മാത്യു മറുപടി സമർപ്പിച്ചു. 07.06.2016 മുതൽ നാല് മാസത്തേയ്ക്ക് വ്യക്തി പരമായ കാരണങ്ങളാൽ ശൂന്യവേതനാവധി അപേക്ഷ സമർപ്പിച്ചതായും കുടുംബപരമായ കാരണങ്ങളാൽ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചിരുന്നെങ്കിലും ആയത് പരിഗണിച്ചിരുന്നില്ലെന്നും ഡോക്ടർ വിശ്രമം നിർദ്ദേശിച്ചിരുന്നെന്നും ഡ്യൂട്ടിയ്ക്ക് ഹാജരാകാതിരുന്നതിൽ ഖേദിക്കുന്നതായും ഭാവിയിൽ വീഴ്ചകൾ ആവർത്തിക്കുകയില്ലെന്നും തിരികെ സേവനത്തിൽ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്നും മറുപടിയിൽ പരാമർശിച്ചിരുന്നു.

(2) സർവ്വീസിൽ പുന പ്രവേശിക്കാൻ താല്പര്യമുണ്ടെങ്കിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ആഫീസർ മുഖേന 200/- രൂപ മൂല്യമുള്ള മുദ്രപത്രത്തിൽ നിശ്ചിത ബോണ്ട് ഏഴ് ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും പരാമർശം (5) പ്രകാരം അറിയിപ്പ് നൽകിയിരുന്നു. ടി നിർദ്ദേശം ഡോ മേരി കാതലീൻ മാത്യു പാലിച്ചിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ ജോലിചെയ്യുന്നതിന് താല്പര്യപ്പെടുന്നതായും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (6) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിക്കുകയാണുണ്ടായത്.

(3) ഡോ മേരി കാതലീൻ മാത്യു സമർപ്പിച്ച പരാമർശം (4), (6) പ്രകാരമുള്ള അപേക്ഷകൾ വിശദമായി പരിശോധിച്ചു. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുന്നതിന് താല്പര്യം അറിയിച്ചതിനാൽ തുടർ നടപടി സ്വീകരിക്കുന്നതിന് പരാമർശം (5) പ്രകാരം ആരോഗ്യവകുപ് ഡയറക്ടർ നൽകിയ നിർദ്ദേശം പാലിക്കുന്നതിന് ഡോ മേരി കാതലീൻ മാത്യു തയ്യാറായിട്ടില്ല. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിന്നതിനെ ന്യായീകരിക്കുന്നതിന് വേണ്ടി ടിയാൾ സമർപ്പിച്ച വാദമുഖങ്ങൾ പരിഗണനാർഹമല്ല. ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല. ആയതിനാൽ ടി അപേക്ഷകൾ തൃപ്തികരമായി

കണക്കാക്കുന്നില്ല. **07.06.2016** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ മേരി കാതലീൻ മാത്യു, ജൂനിയർ കൺസൾട്ടന്റിന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു

(4). ആയതിനാൽ 1958 ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് II ചട്ടം 19 (a) (ii) പ്രകാരം ഡോ മേരി കാതലീൻ മാത്യു , ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 26-03-2026
11:01:52

**Dr REENA K J**

**DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്,

**Dr Mary Kathleen Mathew,**
**Parathara House, Poonkavu, Pathirapally P O,**
**Alappuzha.**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,
   തിരുവനന്തപുരം
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),
   കാസർഗോഡ്.
3. സൂപ്രണ്ട്,
   ജനറൽ ആശുപത്രി, കാസർഗോഡ്.
   (ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
5. ഫയൽ